പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1260

13.12.2012ൽ
മറുപടിക്ക്

## നെൽവയൽ ഡാറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.ജോസഫ് വാഴക്കൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) നെൽവയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് വകുപ്പ് 5(4) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം (4) എന്നിവ പ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പദ്ധതി പുരോഗമിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി, നെൽ വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി, കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സർവ്വെ നമ്പരും, വിസ്തൃതിയും, ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ തയ്യാറാക്കുക എന്നതാണ് ഡാറ്റാ ബാങ്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായ ത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് ; വിശദമാക്കുമോ? | (സി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, ചട്ടം 4 (ബി) യിൽ അനുശാസിച്ചിട്ടുള്ള പ്രകാരം നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയോ, സംസ്ഥാന ഭൂ വിനിയോഗ ബോർഡോ, ഭൗമശാസ്ത്ര പഠന കേന്ദ്രമോ (CESS), ഇൻഫർമേഷൻ കേരള മിഷനോ (IKM), മറ്റേതെങ്കിലും കേന്ദ്ര / സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനമോ, ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി യിട്ടുള്ള ഭൂ പടത്തിന്റെ സഹായത്തോടെ കരട് ഡോറ്റാ ബാങ്ക് പരിശോധിച്ച് അന്തിമ രൂപം നൽകി പ്രാദേശിക തല സമിതി അംഗീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ